"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി -2023 - നാഫെഡിന് കീഴിൽ കൊപ്ര സംഭരണം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യെ കേരഫെഡിന് വേണ്ടി പച്ചത്തേങ്ങ സംഭരണം നടത്തുന്നതിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (അസൂത്രം -ബി) വകുപ്പ്**

സ.ഉ.(സാധാ) നം.676/2023/AGRI തീയതി,തിരുവനന്തപുരം, 07-07-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം. 3/2022/കൃഷി, തീയതി 14.01.2022
2. സ.ഉ.(കൈ) നം. 67/2022/കൃഷി, തീയതി 21.07.2022
3. സ.ഉ (സാധാ) നം. 951/2022/കൃഷി, തീയതി 03.11.2022
4. സ.ഉ.(കൈ) നം. 47/2023/കൃഷി, തീയതി 23.05.2023
5. കൊപ്ര സംഭരണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിലേക്കായി ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30/06/2023-ന് ചേർന്ന യോഗത്തിലെ തീരുമാനം.
6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.07.2023 ലെ ADFW/2507/2023-TM2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം പച്ചത്തേങ്ങ സംഭരിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

2. കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി 2023 പ്രകാരം നാഫെഡ് മുഖേന കൊപ്ര സംഭരണം കൂടുതൽ ഫലപ്രദമാക്കുന്നതിലേക്കായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെ (VFPCK) കൊപ്ര സംഭരണത്തിനായി സംസ്ഥാനതല ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (4) പ്രകാരം കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി-2023 പ്രകാരം കർഷകരിൽ നിന്നും ഗുണനിലവാരമുള്ള കൊപ്ര (FAQ) സംഭരിച്ച് നാഫെഡിന് കൈമാറുന്നതു സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

4. നിലവിൽ വി.എഫ്.പി.സി.കെ, കേരഫെഡിന് വേണ്ടി പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനാലും സംഭരണ കാലയളവിൽ ഒരേ സമയം രണ്ടു സംഭരണ ഏജൻസികൾക്കുവേണ്ടി നാളികേരം / കൊപ്ര സംഭരണം നടത്തുന്നത് കേന്ദ്ര മാർഗ്ഗ

നിർദ്ദേശത്തിന് വിരുദ്ധമായതിനാലും, നാഫെഡിന് വേണ്ടി കൊപ്ര സംഭരണം നടത്താൻ വെളിച്ചെണ്ണ ഉല്പ്പാദന സ്ഥാപനമായതിനാൽ കേരഫെഡിനു സാദ്ധ്യമാകാത്തതിനാലും കേരഫെഡിന് വേണ്ടി പച്ചത്തേങ്ങ സംഭരണം നടത്തുന്നതിൽ നിന്നും വി.എഫ്.പി.സി.കെ-യുടെ സേവനം ഒഴിവാക്കുവാനും നാഫെഡിനു വേണ്ടി കൊപ്ര സംഭരണം നടത്തുന്നതിനു പൂർണ്ണമായും ഉപയോഗപ്പെടുത്തുവാനും പരാമർശം (5) പ്രകാരം തീരുമാനിക്കുകയും ഇതിനായി അനുമതി നൽകണമെന്ന് പരാമർശം (6) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർഥിക്കുകയും ചെയ്തു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊപ്രയുടെ താങ്ങുവില (PSS) പദ്ധതി-2023 പ്രകാരം കൊപ്ര സംഭരണം കൂടുതൽ കാര്യക്ഷമം ആക്കുന്നതിലേക്കായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള-യെ കേരഫെഡിന് കീഴിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയും നാഫെഡിനു വേണ്ടി കൊപ്ര സംഭരണത്തിനായി ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
ബ്രാഞ്ച് മാനേജർ, നാഫെഡ്, കൊച്ചി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 07-07-2023 17:57:19

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്.
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി -I -ന്റെ സി.എ-യ്ക്ക്